**POLICE** **DEPARTMENT**

**KERALA**

**No. E2-8270/2016/N**

District Police Office,
Pathanamthitta
✉sppta.pol@kerala.gov.in
☏04682222630
Dated. 01-10-2020

**ലേല പരസ്യം**

പത്തനംതിട്ട ജില്ലയിലെ പോലീസ് വകുപ്പ് വക താഴെപ്പറയുന്ന വാഹനങ്ങൾ 23-11-2020 തീയതി പകൽ 10.30 മണിക്ക് പത്തനംതിട്ട ജില്ലാ സായുധ സേനാ ക്യാമ്പിൽ വെച്ച് പരസ്യമായി ലേലം ചെയ്തു വിൽക്കുന്നതിനു തീരുമാനിച്ചിരിക്കുന്നു .

| ക്രമ നമ്പർ | വാഹന രെജിസ്ട്രേഷൻ നമ്പർ | വാഹന ഇനം | വർഷം | നിരതദ്രവ്യം |
|---|---|---|---|---|
| 1. | KL 01 X 9018 | മഹീന്ദ്ര ജീപ്പ് | 2002 | 2000/- |
| 2. | KL 01 C 3418 | മഹീന്ദ്ര ജീപ്പ് | 1993 | 1200/- |
| 3. | KL 01 X 9972 | ടാറ്റ 709 | 2002 | 4500/- |
| 4. | KL01 Z 172 | ടാറ്റ 709 | 2002 | 4500/- |
| 5. | KL 01 AA 7652 | ടാറ്റ ക്വാളിസ് | 2003 | 4000/- |
| 6. | KL 01 X 9405 | ടാറ്റ ക്വാളിസ് | 2002 | 4000/- |
| 7 | KL 01 X 9761 | ഹീറോ ഹോണ്ട CD 100 | 2002 | 150/- |
| 8. | KL 01 X 9762 | ഹീറോ ഹോണ്ട CD 100 | 2002 | 150/- |
| 9. | KL 01 X 9763 | ഹീറോ ഹോണ്ട CD 100 | 2002 | 150/- |
| 10 | KL 01 X 9764 | ഹീറോ ഹോണ്ട CD 100 | 2002 | 150/- |
| 11. | KL 01 AA 4930 | മഹിന്ദ്ര ജീപ്പ് | 2003 | 5500/- |
| 12. | KL 01 AM 137 | മഹിന്ദ്ര ജീപ്പ് | 2006 | 5800/- |
| 13. | KL 01 X 9021 | മഹിന്ദ്ര ജീപ്പ് | 2002 | 5200/- |
| 14 | KL 01 AM 138 | മഹിന്ദ്ര ജീപ്പ് | 2006 | 5800/- |
| 15 | KL 01 AM 4505 | മഹിന്ദ്ര ജീപ്പ് | 2003 | 5500/- |
| 16 | KL 01 X 9068 | മഹിന്ദ്ര ജീപ്പ് | 2002 | 5200/- |

പ്രസ്തുത ലേലത്തിൽ പങ്കെടുക്കാൻ താൽപ്പര്യമുള്ളവർ അന്നേ ദിവസം പകൽ മണിക്ക് മുമ്പായി പത്തനംതിട്ട ജില്ലാ സായുധ സേനാ ക്യാമ്പിൽ ഓരോ വാഹനത്തിൻറെയും പേർക്ക് നിശ്ചയിച്ചിട്ടുള്ള നിരതദ്രവ്യം കെട്ടി വെച്ച് രസീത് വാങ്ങി വകുപ്പ് തല നിബന്ധ നകൾക്കും നിയമങ്ങൾക്കും വിധേയമായി ലേലത്തിൽ പങ്കെടുക്കാവുന്നതാണ് .

ലേലത്തിൽ പങ്കെടുക്കുന്നവർ ലേലത്തിന് മുമ്പായി അവരുടെ തിരിച്ചറിയൽ രേഖകൾ , മേൽ വിലാസം തെളിയിക്കുന്ന ആധികാരിക രേഖകൾ എന്നിവ ലേലം ചുമതലയുള്ള ഉദ്യോഗസ്ഥനെ കാണിച്ചു ബോധ്യപ്പെടുത്തേണ്ടതാണ് .

ടി ലേലത്തിന് മുദ്ര വെച്ച ദർഘാസുകളും സ്വീകരിക്കുന്നതാണ് . ലേല ദിവസത്തിനു അഞ്ചു ദിവസം മുൻപ് ലഭിക്കത്തക്ക വിധം സീൽ ചെയ്ത കവറിൽ ദർഘാസ് നേരിട്ടോ തപാൽ മാർഗമോ പത്തനംതിട്ട ജില്ലാ പോലീസ് മേധാവിയുടെ ഓഫീസിലേക്ക് ലഭ്യമാക്കേണ്ടതും കവറിനു മുകളിൽ മോട്ടോർ വാഹന ലേലത്തിനുള്ള ദർഘാസ് എന്ന് രേഖപ്പെടുത്തി നിരത ദ്രവ്യം അടച്ച രസീതി അടക്കം ചെയ്യേണ്ടതുമാണ് .

പരസ്യ ലേലത്തിനു ശേഷം ദർഘാസുകൾ തുറക്കുന്നതും ലേലത്തിലോ / ടെണ്ടറിലോ കൂടുതൽ തുകക്ക് ലേലം വിളിക്കുന്ന വ്യക്തിയുടെ പേർക്ക് ലേലം താൽക്കാലികമായി ഉറപ്പിക്കുന്നതുമാണ് . ലേലം കഴിഞ്ഞതിനു ശേഷം ലേല/ടെണ്ടർ തുക മുഴുവനും ( നിരത ദ്രവ്യം കുറച്ച് ) ലേല സ്ഥലത്ത് വെച്ച് തന്നെ ഒടുക്കി രസീതി വാങ്ങേണ്ടതും ലേലം /ടെണ്ടർ സ്ഥിരപ്പെടുത്തി ഉത്തരവ് കിട്ടി 10 ദിവസത്തിനകം നിലവിലെ നിയമാനുസൃതമായ വിൽപ്പന നികുതി **(GST , Flood cess ഉൾപ്പെടെ )** അടച്ച് സ്വന്തം ചെലവിൽ ലേല വസ്തുക്കൾ നീക്കം ചെയ്യേണ്ടതുമാണ് .

ലേലം /ടെണ്ടർ സ്ഥിരപ്പെടുത്തി കിട്ടുന്നയാൾ.മേൽപ്പറഞ്ഞ നിബന്ധനകൾക്ക് വിപരീതമായി പ്രവർത്തിക്കുന്ന പക്ഷം അടച്ച നിരത ദ്രവ്യം സർക്കാരിലേക്ക് മുതൽക്കൂട്ടുന്നതും പുനർലേലം ചെയ്യുന്നതുമാണ് . പുനർ ലേലത്തിൽ സർക്കാരിനു എന്തെങ്കിലും നഷ്ടം സംഭവിക്കുകയാണ് എങ്കിൽ ആയത് ആദ്യം ലേലം/ടെണ്ടർ കൊണ്ട ആളിൽ നിന്നും ഈടാക്കുന്നതും കൂടുതൽ തുക ലഭിച്ചാൽ ആയതിന് ടിയാന് അർഹത ഉണ്ടായിരിക്കുന്നതുമല്ല .ലേലം സംബന്ധിച്ച നടപടിക്രമങ്ങൾ പത്തനംതിട്ട ജില്ലാ പോലീസ്മേധാവിയുടെ പൂർണ്ണ അധീനതയിലായിരിക്കുന്നതും യാതൊരു കാരണവും കാണിക്കാതെ ലേലം മാറ്റി വെക്കുന്നതിനും അസ്ഥിരപ്പെടുത്തുന്നതിനും ലേലം നടപടികൾ റദ്ദ് ചെയ്യുന്നതിനും അധികാരമുണ്ടായിരിക്കുന്നതുമാണ് . ലേലത്തിന് നിശ്ചയിക്കപ്പെട്ട വാഹനങ്ങൾ പത്തനംതിട്ട ജില്ലാ സായുധ സേനാ അസിസ്റ്റൻറ് കമാണ്ടന്റി ൻറെ മുൻകൂർ അനുമതിയോടെ ലേലത്തീയതിക്ക് മുൻപായുള്ള 10 പ്രവൃത്തിദിവസങ്ങളിൽ രാവിലെ പത്തുമണി മുതൽ വൈകിട്ട് 4 മണിവരെ കാണുന്നതിനും പരിശോധിക്കുന്നതിനും അനുവദിക്കുന്നതാണ് .

ലേല സംബന്ധമായ വിശദവിവരങ്ങൾ പത്തനംതിട്ട ജില്ലാ സായുധ സേനാ ക്യാമ്പിൽ ലഭ്യമാക്കുന്നതും നോട്ടീസ്ബോർഡിൽ

പ്രസിദ്ധീകരിക്കുന്നതുമാണ് .

Simon K G IPS
District Police Chief

| | | |
|---|---|---|
| To | : | 1.സംസ്ഥാന പോലീസ് മേധാവിയുടെ അറിവിലേക്ക് ,ആമുഖ കത്ത് സഹിതം , 2. ഡയരക്റ്റർ ഓഫ് പബ്ലിക് റിലേഷൻസ് തിരുവനന്തരപുരത്തിന് (ഉപരി പത്രം സഹിതം ) പ്രമുഖപത്രങ്ങളിൽ ലേലപരസ്യം /ടെണ്ടർ പ്രസിദ്ധീകരിക്കുന്നതിനായി . 3. സൂപ്രണ്ട് ഗവ പ്രസ്സ് തിരുവനന്തപുരത്തിന് അഞ്ച് പകർപ്പുകൾ സഹിതം ഗസറ്റ് വിജ്ഞാപനത്തിനായി . |
| Copy To | : | 1. സംസ്ഥാനത്തെ എല്ലാ പോലീസ് കമ്മീഷണർമാർക്കും ജില്ലാ പോലീസ് മേധാവികൾക്കും ,കമാണ്ടൻറു മാർക്കും ആവശ്യമായ പരസ്യം നൽകുന്നതിനായി 2. പത്തനംതിട്ട ജില്ലാ സായുധ സേനാ അസിസ് റ്റന്റ് കമാണ്ടൻറ് നു അറിവിലേക്കും അനന്തര നടപടികൾക്കും ,ലേലത്തിൻറെ നടത്തിപ്പിനുമായി . 3. അഡീഷണൽ എസ് പി ഭരണ വിഭാഗം , എല്ലാ പോലീസ് ഓഫീസർമാർക്കും പരസ്യപ്രചാരണത്തിനായി . 4. ജില്ലാ ഇൻഫോർമേഷൻ ഓഫീസർ പത്തനം തിട്ട ക്ക് അറിവിലേക്കും വ്യാപക പരസ്യത്തിനായി. 5. റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ പത്തനം തിട്ട അറിവിലേക്കായി. 6. സെക്രട്ടറി പത്തനം തിട്ട മുൻസി പാലിറ്റി. . AA , മാനേജർ. |

Internal Administrative Processing System
iAPS
KERALA POLICE